**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T**1808**. 15.07.2016 -ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി കിട്ടിയിട്ടുള്ള പദ്ധതിയുടെ തുടർനടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 193/- ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 06.10.2015 ലെ സ.ഉ(സാധാ)1637/2015/പജപവവിവ അംഗീകരിച്ചിട്ടുള്ളതും നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി 26.05.2016 ൽ MOU ഒപ്പിടുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടി പ്രവൃത്തി ഇ-ടെൻഡർ ചെയ്യുകയും ഏറ്റെടുത്ത കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി എർത്ത് ലെവലിംഗ്, സൈറ്റ് ക്ലിയറിംഗ് തുടങ്ങിയ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണത്തിനായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടോ; | (ബി) | എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്. |
| സി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കാമോ? | സി) | കുറവങ്ങാട് ഐ.ടി.ഐയിൽ കെട്ടിട നിർമ്മാണ സൈറ്റിലുള്ള മരങ്ങൾ മുറിച്ചു മാറ്റി കൊയിലാണ്ടി നഗരസഭയിൽ നിന്നും നിർമ്മാണാനുമതിയും ലഭിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ